I/265401/2024

**ഭരണഭാഷ-മാതൃഭാഷ**

**തദ്ദേശ സ്വയം ഭരണ വകുപ്പ്**

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം(പ്ലാനിംഗ് വിഭാഗം)**

**നാലാം നില, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 682 030**

**ഫോൺ: 0484 – 2427223, ഇ-മെയിൽ : stp ekm@gmail.com**

**<u>സീനിയർ ടൗൺ പ്ലാനറുടെ നടപടി ക്രമം</u>**

വിഷയം :- സാങ്കേതിക വിഭാഗം - മഴുവന്നൂർ ഗ്രാമപഞ്ചായത്ത് - പെട്രോൾ പമ്പ് നിർമ്മാണം - പെട്രോൾ പമ്പ് നിർമ്മാണം - ലേ-ഔട്ട് /യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

സൂചന :- ശ്രീ.കുര്യൻ വർഗ്ഗീസിന്റെ 18/3/2024 ലെ അപേക്ഷ

==================================================================

ഉത്തരവ് നമ്പർ LSGD/JD/EKM/2678/2024-PLG3 D-DIS, തീയതി:18-04-2024

==================================================================

മഴുവന്നൂർ ഗ്രാമപഞ്ചായത്ത്, മഴുവന്നൂർ വില്ലേജ്, ബ്ലോക്ക്-32, സർവ്വേ നമ്പർ 466/15, 466/16 എന്നിവയിൽ ഉൾപ്പെടുന്ന 4300 ച.മീ സ്ഥലത്തിന്റെ ഭാഗമായ 1122.02 ച .മി സ്ഥലത്തു 270.11 ച.മീ വിസ്തീർണ്ണമുള്ള പെട്രോൾ പമ്പും അനുബന്ധ കെട്ടിടങ്ങളും നിർമ്മിക്കുന്നതിനു ലേഔട്ട് അനുമതി ലഭ്യമാക്കുന്നതിനായി ശ്രീ.കുര്യൻ വർഗീസ് നേരിട്ട് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിശോധിച്ചതിൽ പ്രസ്തുത നിർമ്മാണം KPBR-2019 റൂൾ 5 (6)(a,b) പ്രകാരമുള്ള പ്രധാന ചട്ടങ്ങൾ പാലിക്കുന്നതായി കാണുന്നു. ടി നിർമ്മാണം ചുറ്റുപാടുമുള്ള വികസനങ്ങളെ പ്രതികൂലമായി ബാധിക്കുന്നില്ല എന്ന് കാണുന്നതിനാൽ ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ടി നിർമ്മാണത്തിന് KPBR 2019 ചട്ടം 30 (g ) പ്രകാരം ലേഔട്ട്/യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. KPBR-2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. നിർദ്ദിഷ്ട നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഉൾപ്പെട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് പഞ്ചായത്ത് ഉറപ്പ്

വരുത്തേണ്ടതാണ്.

2. നിർദ്ദിഷ്ട നിർമ്മാണം KPBR-2019 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റു നിയമങ്ങൾക്കും പൂർണ്ണമായും വിധേയമാണെന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്.
3. Fire and Rescue Service, District Collector തുടങ്ങി ആവശ്യമായ വകുപ്പുകളിൽ/ഏജൻസികളിൽ നിന്നുള്ള NOC/ സാക്ഷ്യപത്രങ്ങൾ നേടിയിരിക്കേണ്ടതാണ്.
4. എർത്ത് കട്ടിങ്, ഫില്ലിംഗ് & മണ്ണ് നീക്കം ചെയ്യൽ എന്നിവ ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിൻറെ/വകുപ്പുകളുടെ NOC/ സാക്ഷ്യപത്രങ്ങൾ നേടിയിരിക്കേണ്ടതാണ്.
5. Petroleum Rules 2002 ലെ എല്ലാ മാനദണ്ഡങ്ങൾക്കും വിധേയമായാണ് നിർദ്ദിഷ്ട നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത് എന്ന് പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ് [KPBR-2019 Rule 47(1)].
6. ഖര മാലിന്യ സംസ്കരണം/ഉപരിതല ജലനിർഗ്ഗമനം എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും യാതൊരു കാരണവശാലും പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്നും പഞ്ചായത്ത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
7. നിർദ്ദിഷ്ട സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക്/നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം, 2018 ലെ നെൽവയൽ തണ്ണീർത്തട നിയമം സംബന്ധിച്ച അമെൻഡ്മെൻറ് ആക്ട്, ഗവൺമെൻറ് സർക്കുലറുകൾ, KLU ഓർഡർ 1967 എന്നിവ ബാധകമാകുന്ന പക്ഷം ആയവയ്ക്ക് പൂർണ്ണമായും അനുസൃതമാണെന്ന് പഞ്ചായത്ത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
8. KPBR-2019 Rule 34(3)(2) പ്രകാരം ഹസാർഡസ് കെട്ടിടങ്ങൾക്ക് ആവശ്യമായ എല്ലാ sanitation facilities ഉം പ്ലോട്ടിൽ നൽകിയിട്ടുണ്ട് എന്ന് പഞ്ചായത്ത് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ചട്ടം 34(3)(3) പ്രകാരമുള്ള Segregated Sanitation സൗകര്യങ്ങൾ പ്ലോട്ടിൽ നൽകിയിട്ടുണ്ട് എന്നും, KPBR-2019 ചട്ടം 79 പ്രകാരം ഉള്ള Waste Disposal സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്.
9. പ്ലോട്ടിൽ Electric Vehicle Fast charging station സ്ഥാപിക്കുന്നതിന് ഏതെങ്കിലും വിധത്തിലുള്ള NOC/സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതുണ്ടെങ്കിൽ ആയത് ലഭ്യമാക്കിയിട്ടുണ്ട് എന്ന് പഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതാണ്.
10. KPBR ചട്ടം 34(3)(3) പ്രകാരമുള്ള Segregated Toilet സൗകര്യങ്ങൾ Visitors-നു ഉപയോഗിക്കാവുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ടെന്നു പഞ്ചായത്ത് ഉറപ്പു വരുത്തേണ്ടതാണ്.
11. പ്ലോട്ടതിരിനോട് ചേർന്ന് നിൽക്കുന്ന ടാങ്കുകൾ ഉൾപ്പടെ ഉള്ള എല്ലാ നിർമ്മാണങ്ങൾക്കും ചട്ട പ്രകാരം ആവശ്യമായ setback ലഭ്യമാകുന്നുണ്ടെന്നു പഞ്ചായത്ത് ഉറപ്പു വരുത്തേണ്ടതാണ്.

മേൽ അംഗീകാരം കെട്ടിട നിർമ്മാണം/ഭൂവികസനപ്രവർത്തനം എന്നിവ

I/265401/2024

തുടങ്ങുന്നതിനുള്ള അനുമതിയില്ല. KPBR-2019 പ്രകാരം സെക്രട്ടറി അപേക്ഷയിന്മേൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിന് ശേഷം മാത്രമേ അപേക്ഷ നിർമ്മാണാനുമതിക്കായി പരിഗണിക്കാവൂ .

**അംഗീകരിച്ച ലേ-ഔട്ട് നമ്പർ: 36/2024.**

സീനിയർ ടൗൺ പ്ലാനർ

Signed by
Indu Vijayanath
Date: 18-04-2024 17:18:07

സ്വീകർത്താവ്: സെക്രട്ടറി,
മഴുവന്നൂർ ഗ്രാമപഞ്ചായത്ത്
(അംഗീകരിച്ച പ്ലാൻ സഹിതം)

പകർപ്പ്: ശ്രീ.കുര്യൻ വർഗ്ഗീസ്,വെള്ളാലയിക്കുടി വീട്, വെട്ടൂർ,686721.